2703
26/7/12

# കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കേരള പ്രസ്സ് അക്കാദമിയിൽ വച്ചുനടക്കുന്ന പരിശീലന പരിപാടിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

സ:ഉ:(സാധാ).നം. 271/2012/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം, 13/07/2012

പരാമർശം:- (1) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറേറ്റിലെ ഇൻഫർമേഷൻ ഓഫീസറുടെ (കോ ഓർഡിനേറ്റിംഗ് ന്യൂസ് എഡിറ്റർ) 16/09/2011-ലെ കുറിപ്പ്.

(2) കേരള പ്രസ്സ് അക്കാദമി സെക്രട്ടറിയുടെ 27/10/2011, 12/01/2012 എന്നീ തീയതികളിലെ 278/ഇ/11/കെ.പി.എ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ എല്ലാ ഫോട്ടോഗ്രാഫർമാർക്കും സിനിമ ഓപ്പറേറ്റർമാർക്കും വീഡിയോ ക്യാമറ കൈകാര്യം ചെയ്യുന്നതിൽ നിർബന്ധിത പരിശീലനം നൽകുന്നതിനും വകുപ്പിലെ എല്ലാ അസിസ്റ്റന്റ് എഡിറ്റർമാർക്കും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാർക്കും ക്യാമറ കൈകാര്യം ചെയ്യുന്നതിനും വീഡിയോ എഡിറ്റിംഗിലും നിർബന്ധിത പരിശീലനം നൽകുന്നതിനും സൂചന (1) പ്രകാരം നിർദ്ദേശം സമർപ്പിച്ചിരുന്നു.. വകുപ്പിലെ മേൽ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന പരിപാടിയ്ക്കുള്ള മോഡ്യൂളുകളും സിലബസും ഇതു സംബന്ധിച്ച ചെലവുകളും സഹിതം സൂചന (2) പ്രകാരം കേരള പ്രസ്സ് അക്കാദമി സെക്രട്ടറി നിർദ്ദേശം സമർപ്പിച്ചിരുന്നു. 9 പേരടങ്ങുന്ന ഒരു സംഘം ജീവനക്കാർക്ക് ഒരു മാസത്തെ പരിശീലനത്തിന് ഭക്ഷണ താമസ സൗകര്യങ്ങളും ഉൾപ്പെടെ 2,36,500/- രൂപ ചെലവ് വരുമെന്നാണ് കേരള പ്രസ്സ് അക്കാദമി സെക്രട്ടറി അറിയിച്ചിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആധുനീകരണത്തിന്റെ ഭാഗമായി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഇലക്ട്രോണിക് മീഡിയ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദിഷ്ട പരിശീലനം തൽക്കാലം വകുപ്പിലെ ഫോട്ടോഗ്രാഫർമാർക്കും സിനിമ ഓപ്പറേറ്റർമാർക്കും മാത്രമായി പരിമിതപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ഫോട്ടോഗ്രാഫർ, സിനിമാ ഓപ്പറേറ്റർ തസ്തികകളിൽ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന 27 ജീവനക്കാർക്ക് 3 ബാച്ചുകളായി ഒരു മാസത്തെ പരിശീലനം കൊച്ചിയിലെ കേരള പ്രസ്സ് അക്കാദമിയിൽ വച്ച് നടത്താനും, ഇതിലേയ്ക്കായി 9 പേരടങ്ങുന്ന ഒരോ സംഘം ജീവനക്കാർക്ക് ഒരു മാസത്തെ പരിശീലനത്തിന് ഭക്ഷണ താമസ സൗകര്യങ്ങൾ ഉൾപ്പെടെ 2,36,500/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി

അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ മൊത്തം 7,09,500/- രൂപ (ഏഴ് ലക്ഷത്തി ഒമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2012 - 13 സാമ്പത്തിക വർഷത്തിലെ '2220-60-102-99- വാർത്താവിതരണ കേന്ദ്രങ്ങൾ' എന്ന ശീർഷകത്തിൽ നിന്നും ചെലവിടുന്നതിന് ഭരണാനുമതി നൽകിയും ഉത്തരവാകുന്നു. പദ്ധതിയുടെ നടത്തിപ്പ് ചുമതല കേരള പ്രസ്സ് അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. സൂചന (2) പ്രകാരം കേരള പ്രസ്സ് അക്കാദമി സെക്രട്ടറി തയ്യാറാക്കി സമർപ്പിച്ചിരിയ്ക്കുന്ന സിലബസിന്റെ അടിസ്ഥാനത്തിൽ പരിശീലന പരിപാടി നടപ്പിലാക്കേണ്ടതും, പദ്ധതി 2012 ഡിസംബർ 31-ന് മുമ്പായി പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.ജെ. മാത്യൂ,**
**സെക്രട്ടറി**

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
എല്ലാ. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
അഡീഷണൽ ഡയറക്ടർ (ജനറൽ & അഡ്മിനിസ്ട്രേഷൻ)
അഡീഷണൽ ഡയറക്ടർ (ഇല. മീഡിയ)
സെക്രട്ടറി, കേരള പ്രസ്സ് അക്കാദമി, കൊച്ചി (വകുപ്പിലെ ഫോട്ടോഗ്രാഫർ, സിനിമാ ഓപ്പറേറ്റർ എന്നിവരുടെ പേരുവിവരം സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (വെബ് & മീഡിയ റിലേഷൻസ്)
അക്കൗണ്ട്സ് ഓഫീസർ.
ഇൻഫർമേഷൻ ഓഫീസർ (കോ ഓർഡിനേറ്റിംഗ് ന്യൂസ് എഡിറ്റർ)
ധനകാര്യ വകുപ്പ് (26/03/2012-ലെ 25387/പി.യു.സി4/12/ഫിൻ നമ്പർ കുറിപ്പ്)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (17/05/2012-ലെ 6239/എ2/12/പ്ലാനിംഗ് നമ്പർ കുറിപ്പ്)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി, സി, ഇ) വകുപ്പ്
സെക്രട്ടറിയുടെ പി.എ യ്ക്ക്
ഡയറക്ടറുടെ സി.എ യ്ക്ക്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്: ബഹു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ.